**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം).-ന്റെയും, ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെയും അധികച്ചുമതല പത്തനംതിട്ട ജില്ലാ വനിതാക്ഷേമ ഓഫീസർക്ക് നല്കിയ പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1857/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 06.07.2018.**

പരാമർശം: 1) പത്തനംതിട്ട ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ 07.06.2018-ലെ 1128/17 പിഎയു.പിറ്റിഎ നമ്പർ നടപടിക്രമം

2) ഗ്രാമവികസന കമ്മീഷണറുടെ 26.06.2018-ലെ 260/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം).-ന്റെയും, ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെയും ചുമതല വഹിച്ചിരുന്ന ശ്രീ. കെ.ഇ. വിനോദ് കുമാർ സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്തപ്പോൾ, പരാമർശം (1) പ്രകാരം, മേൽ തസ്തികകളുടെ അധികച്ചുമതല പത്തനംതിട്ട ജില്ലാ വനിതാക്ഷേമ ഓഫീസർ ആയിരുന്ന ശ്രീമതി ഡെയ്സി. റ്റി. കോശിക്ക് നല്കിയ പത്തനംതിട്ട ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ (പി&എം).-ന്റെയും, ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെയും ചുമതല വഹിച്ചിരുന്ന ശ്രീ. കെ.ഇ. വിനോദ് കുമാർ സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്തപ്പോൾ, മേൽ തസ്തികകളുടെ അധികച്ചുമതല പത്തനംതിട്ട ജില്ലാ വനിതാക്ഷേമ ഓഫീസർ ആയിരുന്ന ശ്രീമതി ഡെയ്സി. റ്റി. കോശിക്ക് നല്കിയ പത്തനംതിട്ട ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി ഡെയ്സി. റ്റി. കോശി, പത്തനംതിട്ട ജില്ലാ വനിതാക്ഷേമ ഓഫീസർ.
പ്രോജക്റ്റ് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, പത്തനംതിട്ട
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, പത്തനംതിട്ട
ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ